# കേരളസർവകലാശാല

നം.പി.ആർ.255/2020

## പത്രക്കുറിപ്പ്

### ഒന്നാംവർഷ ബി.എഡ്. പ്രവേശനം 2020
### രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2020–22 അദ്ധ്യയനവർഷത്തിലെ ബി.എഡ്. കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പുതുതായി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (For General category Rs.1130/- and for SC/ST Category Rs.230/-) ഒടുക്കി അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഒന്നാംഘട്ട അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർക്ക് രണ്ടാം ഘട്ടത്തിൽ പുതിയ അലോട്ട്മെന്റ് ലഭിച്ചാൽ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത് പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. ഡിസംബർ 28, 29 തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (http://admissions.keralauniversity.ac.in) സന്ദർശിക്കുക.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോക്കോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### എൽ.എൽ.ബി. പരീക്ഷ – സെന്റർ മാറ്റത്തിന് അപേക്ഷിക്കാം

2021 ജനുവരി 4 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് കൊല്ലം ശ്രീനാരായണഗുരു കോളേജ് ഒഴികെ കേരളസർവകലാശാലയുടെ കീഴിൽ വരുന്ന ആറ് ലോ കോളേജുകളിൽ സെന്റർ മാറ്റം ആവശ്യമുള്ള വിദ്യാർത്ഥികൾ അവരവരുടെ കോളേജ് പ്രിൻസിപ്പാൾമാരെ ഡിസംബർ 26 ന് മുമ്പ് പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്. പ്രസ്തുത പരീക്ഷയ്ക്ക് സബ്സെന്റർ ഉണ്ടായിരിക്കുന്നതല്ല.

### എം.എസ്.ഡബ്ല്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) – റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, ശ്രീകാര്യത്തിലെ എം.എസ്.ഡബ്ല്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) കോഴ്സി

ലേക്കുള്ള 2020–21 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷനു വേണ്ടിയുള്ള എൻട്രൻസ് പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ, സർട്ടിഫിക്കറ്റ് ഇൻ റഷ്യൻ ആന്റ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷകൾ 2021 ജനുവരി 11 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ. ബി. നവംബർ 2020 പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവവും 2021 ജനുവരി 15 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

2021 ഫെബ്രുവരി 19 ന് ആരംഭിക്കുന്ന അവസാനവർഷ ബി.ഫാം. (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 30 വരെയും 150 രൂപ പിഴയോടെ 2021 ജനുവരി 5 വരെയും 150 രൂപ പിഴയോടെ ജനുവരി 7 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷൻ ഡിസംബർ 23 മുതൽ 31 വരെ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക്: www.ucek.in/9037119776, 9846332974

കേരളസർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് വകുപ്പിൽ എം.ടെക്. ടെക്നോളജി മാനേജ്മെന്റ് (2020–22) ഒഴിവുള്ള സീറ്റുകൾക്കായുള്ള (ജനറൽ – 7, എസ്.സി./എസ്.ടി. –3) സ്പോട്ട് അഡ്മിഷൻ ഡിസംബർ 29 ന് രാവിലെ 11.00 മണിക്ക് കാര്യവട്ടം കേരളസർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ വച്ച് നടത്തുന്നതാണ്. താൽപര്യമുള്ളവർ ആവശ്യമായ എല്ലാ രേഖകളും ആവശ്യമായ ഫീസുകളും സഹിതം ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 2305321, 9249438722, 9446403562. യോഗ്യത: കേരള സർവകലാശാലയിൽ നിന്ന് 55% മാർക്കിൽ കുറയാതെ നേടിയ എഞ്ചിനീയറിംഗ്/ടെക്നോളജിയുടെ ഏതെങ്കിലും ശാഖയിൽ ബി.ടെക്. ബിരുദം അല്ലെങ്കിൽ തത്തുല്യമായത്.

കേരളസർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ എ.ഐ.സി.ടി.ഇ. അംഗീകാരമുള്ള എം.ടെക്. കമ്പ്യൂട്ടർ സയൻസിൽ (ഡിജിറ്റൽ ഇമേജ് പ്രോസസിംഗ് സ്പെഷ്യലൈസേഷൻ) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഈഴവ, ബി.പി.എൽ. എസ്.സി., എസ്.ടി., ഒ.ബി.സി., ക്രിസ്ത്യൻ, സ്പോൺസേർഡ് എന്നീ വിഭാഗങ്ങളിലാണ് സീറ്റ് ഒഴിവുള്ളത്. താൽപര്യമുള്ളവർ ഡിസംബർ 29 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 8137806393

കേരളസർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റും എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) എസ്.സി./എസ്.ടി. വിഭാഗത്തിൽ രണ്ട് സീറ്റും ഒഴിവുണ്ട്. താൽപര്യമുള്ളവർ ഡിസംബർ 29 ന് രാവിലെ 11 മണിക്ക്

അസൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 8137806393

## പരീക്ഷാഫലം

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ.തമിഴ്, എം.എ.ഹിന്ദി റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2020 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.കോം. (2017 അഡ്മിഷൻ – സപ്ലിമെന്ററി, 2018 അഡ്മിഷൻ – റെഗുലർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**22.12.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**